സന്ദേശനിലയം
ചങ്ങനാശ്ശേരി

# വിശ്വാസോത്സവം - 2024

## സീനിയർ വിഭാഗം

## അദ്ധ്യാപകസഹായി

VISWASOLSAV

INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

## പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

ഈ വർഷത്തെ വിശ്വാസോത്സവവിഷയം കുടുംബ കേന്ദ്രീകൃതമാകയാൽ ഓരോ സൺഡേസ്കൂളുകളും അവരുടെ സാഹചര്യങ്ങൾക്ക് അനുസൃതമായി മാതാപിതാക്കളും കുട്ടികളും ഒന്നിച്ചു വരുന്ന രീതിയിലുള്ള പരിശീലന പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നത് ഉചിതമായിരിക്കും. (ഉദാ: മാതാപിതാക്കളും മക്കളും ഒന്നിച്ചുള്ള വി. കുർബാന, ക്ലാസുകൾ, കുടുംബ അടിസ്ഥാനത്തിലുള്ള കലാപരിപാടികൾ, ക്ലാസ് അടിസ്ഥാനത്തിലുള്ള കുടുംബസമ്മേളനങ്ങൾ, ഇടവകയിലെ ഏറ്റവും സീനിയർ ആയിട്ടുള്ള ദമ്പതികളെ പരിചയപ്പെടുത്തൽ, അവരുടെ പങ്കുവയ്ക്കൽ *etc.*)

വർക്ക്ബുക്കുകളിലെ ചില പ്രവർത്തനങ്ങൾ (ആക്റ്റിവിറ്റി) മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും പങ്കാളിത്തം കൂടെ ആവശ്യമുള്ളതാണ്. അവരുടെ സഹകരണത്തോടെ അത് പൂർത്തിയാക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപകസഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതിഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

മാതാപിതാക്കൾ ഇല്ലാത്തവരും, മാതാപിതാക്കളോടൊപ്പം താമസിക്കാത്തവരുമായ കുട്ടികൾ ക്ലാസുകളിൽ ഉണ്ടെങ്കിൽ അക്കാര്യം പ്രത്യേകം ശ്രദ്ധയോടെ കൈകാര്യം ചെയ്യുക. കുടുംബത്തിലുള്ളവർ ഉൾപ്പെടുന്ന ആക്റ്റിവിറ്റികളിൽ മാതാപിതാക്കൾക്കു പകരമായി അവരെ ഇപ്പോൾ സംരക്ഷിക്കുന്നവരുടെ (Guardians) സഹായം തേടാൻ അത്തരം കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ഒന്നാം ദിവസം
## കുടുംബം ദൈവപദ്ധതിയിൽ

**ആക്ടിവിറ്റി 1**

ബൈബിളിലെ ഉത്പത്തി പുസ്തകം വായിച്ച് ഏദൻ തോട്ടത്തിലെ ആദ്യകുടുംബത്തിന്റെ ഉത്പത്തിയെ കുറിച്ച് വിവരണം നൽകുന്ന ബൈബിൾ ഭാഗങ്ങൾ കണ്ടെത്തി എഴുതാൻ ആവശ്യപ്പെടുക.

**ഉത്പത്തി-1:27**

അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു; സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.

**ഉത്പത്തി-1:28**

ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ.

**ഉത്പത്തി-2:18**

ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നൽകും.

**ഉത്പത്തി-2:22**

മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്കു രൂപംകൊടുത്തു. അവളെ അവന്റെ മുമ്പിൽകൊണ്ടുവന്നു.

**ഉത്പത്തി-2:24**

അതിനാൽ, പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും.

ഈ ബൈബിൾ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബം ദൈവസ്ഥാപിതം എന്നതിനെക്കുറിച്ച് വിവരണം തയ്യാറാക്കുമ്പോൾ താഴെ പറയുന്ന ആശയങ്ങൾക്ക് മുൻഗണന നല്കേണ്ടതാണ്.

1. പിതാവായ ദൈവത്തിന്റെ പദ്ധതി എന്തെന്നു വെളിപ്പെടുത്തുന്ന ഒന്നാണ് മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള വിവരണം.

2. സ്ത്രീയും പുരുഷനുമായി ദൈവം സ്നേഹമാകുന്ന ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു.
3. പരസ്പരം ഇണയും തുണയുമായി ജീവിക്കേണ്ടതിന് വേണ്ടിയാണ് ദൈവം ഹവ്വയെ സൃഷ്ടിച്ചത്.
4. ആദത്തിന്റെ വാരിയെല്ലിൽ നിന്നുമാണ് ഹവ്വയെ സൃഷ്ടിച്ചത്. ഇത് സ്ത്രീപുരുഷ ബന്ധത്തിന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നു.
5. വർദ്ധിച്ചു പെരുകേണ്ടതിനും പരസ്പരം സ്നേഹിക്കേണ്ടതിനുമാണ് സ്ത്രീയും പുരുഷനുമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചത്.
6. ലോകത്തിൽ തുടരേണ്ട തന്റെ സൃഷ്ടികർമ്മത്തിൽ ദൈവം അവരെ പങ്കാളികളാക്കി.
7. ദൈവം തന്നെയാണ് സ്ത്രീ പുരുഷന്മാരെ ആദിയിൽ പരസ്പരം ബന്ധിപ്പിച്ചു ഭൂമിയിലെ കുടുംബ ജീവിതത്തെ ആശീർവദിച്ചത്.

**ആക്ടിവിറ്റി 2**

കാനായിലെ കല്യാണ വിരുന്നിന്റെ ദൃക്സാക്ഷി വിവരണം ഒരോ ഗ്രൂപ്പും ക്ലാസ്സിൽ അവതരിപ്പിക്കുക. അതിനുശേഷം ഗ്രൂപ്പിൽ തന്നെ ഈ അത്ഭുതം എന്താണ് വെളിപ്പെടുത്തുന്നത് എന്ന് കണ്ടെത്താൻ ആവശ്യപ്പെടുക. ഒരോ ഗ്രൂപ്പും കണ്ടെത്തിയത് ക്ലാസ്സിൽ അവതരിപ്പിക്കട്ടെ.

**ആക്ടിവിറ്റി 3**

**മത്താ. 19:4–6** 'അവൻ മറുപടി പറഞ്ഞു. സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഏകശരീരമായിത്തീരും എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടെന്നും നിങ്ങൾ വായിച്ചിട്ടില്ലേ ? തൻമൂലം, പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ, ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ'.

1. വിവാഹം സ്നേഹത്തിന്റെ ഉടമ്പടിയാണ്, കൂദാശയാണ് എന്നു പറയുന്നത് എന്തുകൊണ്ട് ?

ദമ്പതിമാരുടെ സമ്പൂർണമായ ആത്മസമർപ്പണത്തിന്റെ ഉടമ്പടിയാണു വിവാഹത്തിൽ നടക്കുന്നത്. ഈ ഉടമ്പടിക്ക് വിവാഹമെന്ന കൂദാശയിലൂടെ ദൈവം അംഗീകാരമുദ്ര വയ്ക്കുന്നു.ദമ്പതികൾ തമ്മിലുള്ള ആന്തരികസ്നേഹത്തിന്റെയും ആത്മദാനത്തിന്റെ

യും ഐക്യത്തിന്റെയും ജീവിതമാകണം കുടുംബ ജീവിതം.

2. കുടുംബ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത് എന്തുകൊണ്ട് ? അതിനുള്ള പരിഹാരമെന്ത് ?

ദൈവം ദമ്പതികളെ വിവാഹമെന്ന കൂദാശയിലൂടെ ഒന്നിച്ചു ചേർക്കുന്നത് ദൈവകൃപയിൽ ഒന്നിച്ചു മരണം വരെ ജീവിക്കുവാനാണ്. ഭാര്യയും ഭർത്താവും ഈശോയും ചേർന്നാണ് വിവാഹജീവിതം ആരംഭിക്കുന്നത്. വിവാഹമെന്ന കൂദാശയുടെ പൊരുൾ മനസ്സിലാകാതെ പോകുമ്പോഴാണ് വിവാഹജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാവുന്നത്. കുടുംബ ജീവിതത്തിൽ ദൈവം സന്നിഹിതനല്ലാതെ പോകുമ്പോഴാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. അതിനാൽ ഈശോയോട് ചേർന്ന് ദൈവസ്നേഹത്തിൽ ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും പരസ്പരം സ്നേഹിച്ച്, സമർപ്പണജീവിതം നയിക്കുകയും വിശ്വാസജീവിതത്തിൽ അധിഷ്ഠിതമായ കുടുംബജീവിതം രൂപപ്പെടുത്തിയെടുക്കുകയും വേണം.

**ആക്ടിവിറ്റി 4**

പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയുടേയും പരിപൂർണസ്നേഹത്തിന്റെയും ഭൂമിയിലെ സാക്ഷാൽക്കാരമാണ് കുടുംബം. പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും സമർപ്പിക്കുകയും പങ്കുവയ്ക്കുകയും സ്നേഹിക്കുകയും വളർത്തുകയും ചെയ്യുന്ന ത്രിത്വാത്മക സ്നേഹത്തിന്റെ വേദികളായിരിക്കണം കുടുംബങ്ങൾ. ത്രിത്വാത്മകസ്നേഹം നിറഞ്ഞു നില്ക്കുന്ന ഓരോ ഭവനവും ഭൂമിയിലെ സ്വർഗമാണ്. ഈ ബോധ്യമാണ് കുട്ടികൾക്കു നല്കേണ്ടത്. ഇത് വിശദീകരിച്ച് നല്കിയശേഷം കുടുംബം എപ്രകാരം പരിശുദ്ധ ത്രിത്വത്തിന്റെ മാതൃകയാക്കാം എന്ന് കോളത്തിൽ രേഖപ്പെടുത്താൻ ആവശ്യപ്പെടുക. സ്നേഹം, കൂട്ടായ്മ, ഐക്യം, വിധേയത്വം. ഇതാണ് ഉത്തരമായി എഴുതേണ്ടത്.

## രണ്ടാം ദിവസം
## സ്നേഹിക്കു ബഹുമാനിക്കു

'കുട്ടികളെ കർത്താവിൽ നിങ്ങൾ മാതാപിതാക്കളെ അനുസരിക്കുക അത് ന്യായവും യുക്തവുമാണ്' നിങ്ങൾക്ക് നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനും വേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക. എഫേ. 6:2 കുടുംബബന്ധങ്ങളുടെ അടിസ്ഥാനമാണ് ബഹുമാനം. മാതാപിതാക്കളോടും മുതിർന്നവരോടും കാണിക്കുന്ന ബഹുമാനം കുടും

ബത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. എന്നാൽ വ്യക്തിപരമായ അഭിപ്രായങ്ങളും തീരുമാനങ്ങളും ഉണ്ടായിരിക്കുകയും ചെയ്യണം. തെറ്റുകൾ സംഭവിക്കാം എന്നാൽ പരസ്പരം ക്ഷമിക്കാൻ പഠിക്കാനുള്ള ഇടമാണ് കുടുംബം. മറ്റുള്ളവരോട് ബഹുമാനമുള്ളവർക്കെ ക്ഷമിക്കാൻ സാധിക്കുകയുള്ളു. വാക്കിലും പ്രവർത്തിയിലും ബഹുമാനം പ്രകടിപ്പിക്കണം. സഹാനുഭൂതി പ്രകടിപ്പിക്കുന്നതും മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കുന്നതും ബഹുമാനത്തിന്റെ ഭാഗമാണ്.

**ആക്ടിവിറ്റി 1**

ഗ്രൂപ്പ് തിരിച്ച് ചർച്ചക്ക് വിഷയം നൽകണം. ഓരോ കുട്ടിയുടെയും അഭിപ്രായം ഗ്രൂപ്പ് ലീഡർ രേഖപ്പെടുത്തണം. അതിനുശേഷം ലീഡർ ക്ലാസിൽ അവതരിപ്പിക്കുന്നു. ഏറ്റവും നല്ല ഗ്രൂപ്പ് ചർച്ചയ്ക്ക് അവതരണത്തിനും പോയിന്റുകൾ നൽകുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നത് ഉചിതമാണ്.

**ആക്ടിവിറ്റി 2**

ജീവിതത്തിൽ വിവിധ മേഖലകളിൽ കണ്ടുമുട്ടുന്ന എല്ലാവരോടും ബഹുമാനവും സ്നേഹവും ഉണ്ടായിരിക്കണമെന്ന് വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ മനസ്സിലാക്കുക എന്നതാണ് ഈ ആക്ടിവിറ്റിയുടെ ലക്ഷ്യം.

1 സാമു. 2:30 - ദൈവം
എഫേ. 5:33 - ഭാര്യ ഭർത്താക്കന്മാർ
വെളി. 4:11 - ദൈവം
റോമാ. 12:10 - സഹോദരങ്ങൾ
1 പത്രോസ് 3:7 - ഭാര്യ
കോളോ. 3:22 - യജമാനന്മാർ/മേലധികാരികൾ
എഫേ. 6:2 - മാതാവിനെയും പിതാവിനെയും
മത്താ. 19:19 - മാതാപിതാക്കൾ
1 തെസ. 5:12-13 - വൈദികർ സിസ്റ്റേഴ്സ് മതാധ്യാപകർ
ലേവ്യ. 19:32 - മുതിർന്നവർ
മത്താ. 5:43-44 - അയൽക്കാർ
റോമാ 12:20 - ശത്രുക്കൾ
1 സാമു. 26:9-11 - അഭിഷിക്തർ
1 പത്രോസ് 2:18 - യജമാനന്മാർ
റോമാ 13:1 - മേലധികാരികൾ
എഫേ. 6:9 - ദാസന്മാർ

**ആക്ടിവിറ്റി 3**

ലോകത്തിലുള്ള ഒട്ടുമിക്ക പ്രശ്നങ്ങൾക്കും അനർത്ഥങ്ങൾക്കും കാരണം പരസ്പരം ബഹുമാനമില്ലാതെ പ്രവർത്തിക്കുന്നതാണ്. ഓരോ ഗ്രൂപ്പിലും ഓരോ ദിവസത്തെ പത്രം നൽകുക. പരസ്പരം ശ്രേഷ്ഠതയോടും ബഹുമാനത്തോടും കൂടി പ്രവർത്തിക്കാത്തതിന്റെ ഫലമായി ഉണ്ടായ പരിണിത ഫലങ്ങൾ (വഞ്ചന, ആക്രമണങ്ങൾ, കൊലപാതകം *etc.*) കണ്ടുപിടിക്കാൻ ആവശ്യപ്പെടുക. അതിനുശേഷം താഴെ നൽകിയിരിക്കുന്ന സാഹചര്യത്തോട്, സംഭവത്തോട്, വ്യക്തികളോട് എന്റെ മനോഭാവം / അഭിപ്രായം എഴുതിപ്പിക്കുക (Only Positive Answer).

**ആക്ടിവിറ്റി 4**

ഓരോ കുടുംബത്തെ കുറിച്ച് നൽകിയിരിക്കുന്ന ബൈബിൾ ഭാഗങ്ങൾ വായിപ്പിക്കുക. കുടുംബ സാഹചര്യം മനസ്സിലാക്കുക. അതിനുശേഷം ഓരോ ഗ്രൂപ്പിൽ നിന്നും ഒരു റിപ്പോർട്ടറെയും ക്യാമറമാനെയും തിരഞ്ഞെടുക്കുക. ഇന്നത്തെ കുടുംബത്തിന്റെ അവസ്ഥകളും കൂടി ഉൾപ്പെടുത്തി പഴയ കുടുംബവിശേഷം ഇവർ റിപ്പോർട്ട് ചെയ്യുക. ഏറ്റവും ക്രിയേറ്റിവിറ്റി അനുസരിച്ച് ചെയ്യുന്ന ഗ്രൂപ്പിന് കൂടുതൽ പോയിന്റ്.

## മൂന്നാം ദിവസം
## പ്രാർത്ഥിക്കുന്ന കുടുംബം

പ്രാർത്ഥനയുടെ പ്രാധാന്യം കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും എത്രത്തോളമാണെന്ന ബോധ്യം നല്കാനാണ് ഈ ദിവസം ശ്രമിക്കുന്നത്. രണ്ട് കുട്ടികളുടെ സംഭാഷണത്തിലൂടെ കുടുംബ പ്രാർത്ഥനയുടെ പ്രാധാന്യം പങ്കുവെയ്ക്കുകയാണ് ആദ്യഭാഗത്ത്.

**ആക്ടിവിറ്റി 1**

‘‘നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്’’. ദൈവത്തെ ആരാധിക്കുന്ന, നന്ദി പറയുന്ന സമയങ്ങളാണ് കുടുംബ പ്രാർത്ഥനയുടേത്. എന്നാൽ മറ്റു കാര്യങ്ങൾക്കുവേണ്ടി ആ സമയം മാറ്റിവെക്കുമ്പോൾ അദൃശ്യമായെങ്കിലും നാം നമ്മുടെ ആരാധന അവയ്ക്കു നല്കുന്നു. കുടുംബപ്രാർത്ഥനയുടെ അമൂല്യത വ്യക്തമാക്കി കൊടുക്കുക.

**ആക്റ്റിവിറ്റി 2**

കുഞ്ഞുങ്ങളായിരുന്നപ്പോൾ നാം പഠിച്ച പ്രാർത്ഥനകൾ കുട്ടികൾക്ക് പരിചയപ്പെടുത്താം... അവർ പഠിച്ചത് ഓർമ്മപ്പെടുത്താം... അവ ക്ലാസ്സുകളിൽ ഒന്നിച്ചു ചൊല്ലിക്കുകയും പാടിക്കുകയും ചെയ്യാം.

1. യൂദൻമാരുടെ രാജാവായ നസ്രായനായ ഈശോയെ...
2. മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക്....
3. വിവിധ സുകൃത ജപങ്ങൾ
4. ഗാനങ്ങൾ - കുഞ്ഞുമനസ്സിൻ.... ഞാനുറങ്ങാൻ പോകും മുമ്പായി....

**ആക്റ്റിവിറ്റി 3**

കുടുംബങ്ങളിലെ അനുദിന പ്രവൃത്തികൾ പ്രാർത്ഥനകളാക്കി മാറ്റാൻ കുട്ടികളെ പരിശീലിപ്പിക്കാം. പ്രാർത്ഥനയെന്നാൽ സന്ധ്യാപ്രാർത്ഥന മാത്രമാണെന്ന തെറ്റിദ്ധാരണ മാറ്റാൻ സഹായിക്കുക. ഈശോയോടുള്ള സ്നേഹത്തെപ്രതി ചെയ്യുന്ന എല്ലാ നന്മ പ്രവൃത്തികളും പ്രാർത്ഥനയാണല്ലോ. എന്നാൽ കുടുംബപ്രാർത്ഥനയുടെ പ്രാധാന്യം അൽപം പോലും കുറയാത്ത രീതിയിൽ ആക്ടിവിറ്റി അവതരിപ്പിക്കുക.

**ആക്റ്റിവിറ്റി 4**

പ്രാർത്ഥനയെക്കുറിച്ച് ഈശോ പറഞ്ഞ വാക്കുകൾ പൊതുവായി വായിപ്പിച്ച് പോയിന്റ്സ് പറയാൻ ഗ്രൂപ്പുകളെ ഏല്പിക്കുക.

1. മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതായി ഭാവിക്കുക-
2. പ്രാർത്ഥനയിൽ അതിഭാഷണം നടത്തുക.

**ആക്റ്റിവിറ്റി 4**

കൂടുതൽ ചോദ്യങ്ങൾ അധ്യാപകരുടെ യുക്തിക്കനുസരിച്ച് കൂട്ടിച്ചേർക്കാവുന്നതാണ്.

## നാലാം ദിവസം

## കുടുംബം നല്ല ശീലങ്ങളുടെ വിളനിലം

വ്യക്തിയുടെ ശീലങ്ങൾ രൂപപ്പെടുന്ന പ്രഥമവും പ്രധാനവുമായ ഇടം കുടുംബമാണ്. അതിനാൽ കുടുംബത്തിൽ കുട്ടികൾ നല്ല ശീലങ്ങൾ പരിശീലിക്കേണ്ടത് അത്യാവശ്യമാണ്.

**ആക്ടിവിറ്റി 1**

വീടുകളിൽ അംഗങ്ങൾ എല്ലാവരും ഒന്നിച്ചു കൂടേണ്ടതിന്റെ പ്രാധാന്യം കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക.

**ആക്ടിവിറ്റി 2**

അവതരണം കഥയായോ ലഘുനാടകമായോ കഥാപ്രസംഗ മായോ കവിതയായോ ഒക്കെ ആകാം.

**ആക്ടിവിറ്റി 3**

മാന്യമായ വസ്ത്രധാരണത്തിന്റെ പ്രാധാന്യം ഈ ആക്ടിവിറ്റി യിലൂടെ വ്യക്തമാക്കുക. ഒപ്പംതന്നെ, നമ്മുടെ പരമ്പരാഗമായ വസ് ത്രധാരണ രീതികളും 70 കളിലും 80 കളിലുമൊക്കെ ഉണ്ടായിരു ന്ന വസ്ത്രധാരണശൈലികളും കുട്ടികളെ പരിചയപ്പെടുത്താം. ഏതാനും പതിറ്റാണ്ടുകൾ മുൻപുള്ള ആഘോഷങ്ങളിലും സാധാ രണ ജീവിതത്തിലും ഉപയോഗിച്ചിരുന്ന വസ്ത്രധാരണരീതികളു ടെ ഫോട്ടോകളുടെ പ്രദർശനം സംഘടിപ്പിക്കാവുന്നതാണ്. ഞായ റാഴ്ചകളിൽ പള്ളിയിൽപോകാൻ ഏറ്റവും വൃത്തിയുള്ളതും അട ക്കമുള്ളതുമായ വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്ന നമ്മുടെ പഴയ തലമുറയുടെ രീതി പരിചയപ്പെടുത്താം.

**ആക്ടിവിറ്റി 4**

ഈ ആക്ടിവിറ്റിയോടൊപ്പം ഇടവകയുടെ നേതൃത്വത്തിൽ നടക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റിയും കുട്ടികൾ സ്കൂ ളിൽ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റിയും ചർച്ച ചെയ്യാം. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെപ്പറ്റിയും അവബോധം നൽകാം.

**ആക്ടിവിറ്റി 5**

കൂട്ടുകാരുടെ മോശം രീതികൾ തങ്ങളുടേതായി മാറുന്നു ണ്ടോ അതോ നമുക്ക് കൂട്ടുകാരുടെ മോശം സ്വഭാവം മാറ്റിയെടുക്കാൻ തങ്ങൾക്ക് കഴിയുന്നുണ്ടോ എന്ന് ചിന്തിക്കാൻ കുട്ടികൾക്ക് അവ സരം നൽകാം. Peer Group സ്വാധീനത്തെക്കുറിച്ച് ചർച്ച ചെയ്യാം. പരിശുദ്ധ കത്തോലിക്കാ സഭയിലെ ഒരംഗമായ തന്നെ മറ്റു കുട്ടി കളിൽ നിന്ന് വേറിട്ടു നിർത്തുന്ന, വേറിട്ടു നിർത്തേണ്ട സവിശേ ഷതകൾ ഏവ എന്ന് തിരിച്ചറിയാൻ കുട്ടികളെ സഹായിക്കാം.
വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ 'ഒരു നല്ല അപ്പന്റെ ചാവരുൾ' വായിക്കാനും ചർച്ച ചെയ്യാനും ഈ ദിവസം ശ്രമിക്കാം.

## അഞ്ചാം ദിവസം

## സഭയും കുടുംബവും

## 'കുടുംബമേ നീ എന്താണോ അതാവുക'

(കുടുംബം ഒരു കൂട്ടായ്മ - 17)

**ആക്ടിവിറ്റി 1**

നമ്മുടെ ദൈവവിശ്വാസം ഉറപ്പിക്കുവാൻവേണ്ടി ഉപകരിക്കുന്ന ഒരു ആക്ടിവിറ്റി ആണ് ഇത്. പൂർവ്വ പിതാക്കന്മാരെ തിരിച്ചറിഞ്ഞ് അവർ തമ്മിലുള്ള ബന്ധം ആദ്യത്തെ കോളത്തിൽ എഴുതിയശേഷം വി. കുർബാനയിൽ ഇവരെക്കുറിച്ച് പരാമർശിക്കുന്ന ഭാഗവും (അബ്രാഹത്തിന്റേയും ഇസഹാക്കിന്റേയും യാക്കോബിന്റേയും ദൈവമേ അങ്ങയുടെ സന്നിധിയിലേക്ക്.......) എഴുതിയശേഷം ഈ ആക്ടിവിറ്റി ഒരു ഗെയിമിൽ കൂടി നടത്താം. കുട്ടികളെ ഒരു Row ആയി നിർത്തി ആദ്യത്തെ കുട്ടിയോട് പൂർവ്വപിതാക്കന്മാരുടെ പേരുകൾ ചേർത്ത് സ്വന്തം പേരും കൂട്ടി പറയാൻ പറയുക. ഉദാഹരണമായി അബ്രാഹത്തിന്റേയും ഇസഹാക്കിന്റെയും യാക്കോബിന്റേയും ദൈവം അമലിന്റെ ദൈവം. അടുത്ത ആൾ ഇതിനോടു കൂടി സ്വന്തം പേര് ചേർത്ത് പറയാൻ പറയുക. ഇങ്ങനെ തൊട്ടു മുമ്പിൽ നില്ക്കുന്ന ആൾ പറഞ്ഞ പേരുകൾ ചേർത്ത് എല്ലാം വേണം അടുത്ത ആൾ പറയേണ്ടത്. ഇതിനു ശേഷം സ്വന്തം കുടുംബത്തിലെ അംഗങ്ങളുടെ പേരുകളും സ്വന്തം പേരും കൂടി ചേർത്ത് വേണം അടുത്ത കോളത്തിലെ ചോദ്യത്തിന് ഉത്തരം എഴുതേണ്ടത്.

**ഉത്തരം**

പൂർവ്വ പിതാവായ അബ്രാഹത്തിന്റെയും ഇസഹാക്കിന്റേയും
യാക്കോബിന്റേയും എന്റെ അപ്പനായ......
എന്റെ അമ്മയായ......
എന്റെ സഹോദരങ്ങളായ......
ദൈവം (സ്വന്തം പേര് )...... ദൈവം.
സഭയുടെ അടിസ്ഥാനം - കുടുംബം

**ആക്ടിവിറ്റി 2**

**അപ്പ. 2:42**

അവർ അപ്പസ്തോലൻമാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു.

**2:46**

അവർ ഏക മനസ്സോടെ താത്പര്യപൂർവ്വം അനുദിനം ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പംമുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു.

**5:42**

എല്ലാ ദിവസവും ദൈവാലയത്തിൽവച്ചും ഭവനംതോറും ചെന്നും ഈശോയാണ് മിശിഹാ എന്നു പഠിപ്പിക്കുന്നതിലും പ്രസംഗിക്കുന്നതിലും നിന്ന് അവർ വിരമിച്ചില്ല ആദിമസഭയുടെ പ്രത്യേകതകൾ എപ്രകാരം കുടുംബത്തിൽ ഉണ്ടാവണം എന്ന് ബൈബിൾ വചനങ്ങളെ മുൻനിർത്തി വിശദീകരിച്ചു കൊടുക്കുക.

1. വിശ്വാസികളുടെ സമൂഹം

വിശ്വാസികളുടെ സമൂഹമാണ് സഭ. അതുപോലെ കുടുംബവും ഏകദൈവത്തിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ്. വിശ്വാസം ഏറ്റുപറയുന്നവരുടെ സമൂഹമാണ്.

2. രക്ഷിക്കപ്പെട്ടവരുടെ സമൂഹം

ഈശോയെ ദൈവവും ഏക രക്ഷകനായി സ്വീകരിച്ച്, ഈശോയിൽ ഉള്ള വിശ്വാസത്തിൽ ഉറച്ചു ജീവിക്കുകയും ആ വിശ്വാസം തലമുറകൾക്ക് കൈമാറുകയും ചെയ്യുന്ന സമൂഹമാണ് സഭ. അതുപോലെ മാതാപിതാക്കൾ ഈ വിശ്വാസം മക്കൾക്ക് കൈമാറണം.

3. പ്രാർത്ഥിക്കുന്നവരുടെ സമൂഹം

പ്രാർത്ഥിക്കുന്ന സമൂഹമാണ് സഭ. കുടുംബം നിലനിൽക്കുന്നത് ഒന്നിച്ച് പ്രാർത്ഥിക്കുമ്പോഴാണ്.

4. വചനം സ്വീകരിക്കുന്നവരുടെയും പകർന്നു കൊടുക്കുന്നവരുടെയും സമൂഹം.

വചനം സ്വീകരിക്കുന്നവരുടെയും പകർന്നു കൊടുക്കുന്നവരുടെ സമൂഹമാണ് സഭ. കുടുംബത്തിൽ മാതാപിതാക്കളും മക്കളും പരസ്പരം വചനം പങ്കുവച്ചും സ്വീകരിച്ചും ജീവിക്കണം.

ആദിമസഭയുടെ പ്രത്യേകതകൾ പോലെ സമാനമായ കാര്യങ്ങൾ കുടുംബത്തിലും കാണാം. ബൈബിൾവായന, കുടുംബപ്രാർത്ഥന, ദൈവാലയത്തിൽ പോകുക, ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുക, കൂട്ടായ്മ, പങ്കുവയ്ക്കൽ ആദിമസഭയുടെ പ്രത്യേകതകൾ നിലനിർത്തിക്കൊണ്ട് കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെ

യും സ്വർഗീയത പുലരുന്ന ഭവനങ്ങളായിരിക്കണം ക്രൈസ്തവ കുടുംബങ്ങൾ എന്ന ബോധ്യമാണ് കുട്ടികൾക്ക് നല്കേണ്ടത്.

**ആക്ടിവിറ്റി 3**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭ എന്ന ഡിക്രിയിൽ കുടുംബത്തെ എന്തായിട്ടാണ് വിശേഷിപ്പിച്ചത് - ഗാർഹിക സഭ. ഗാർഹിക സഭ എന്നാൽ സഭ എന്താണോ അതുതന്നെയാകണം കുടുംബവും എന്നാണ്. ഗാർഹികസഭയെക്കുറിച്ച് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക. ആദിമസഭയുടെ പ്രത്യേകതകൾ എല്ലാം തന്നെ കുടുംബത്തിലും ഉണ്ടാവണം. അതുപോലെ കുടുംബത്തിൽ മിശിഹായുടെ പെസഹാരഹസ്യം അതിന്റെ അടിസ്ഥാനപരവും സൂക്ഷ്മവുമായ രൂപങ്ങളിൽ സന്നിഹിതമാക്കപ്പെടുകയും ചെയ്യുന്നു. ഗാർഹിക സഭയായതിനാൽ കുടുംബം ദൈവാലയമാണ്. അവിടെ ദൈവം നിയോഗിച്ച കുടുംബ ജീവിതമാകുന്ന ബലിവേദിയിൽ ആധ്യാത്മിക ബലിയർപ്പിക്കുന്ന, തലമുറയിലേയ്ക്ക് വിശ്വാസം കൈമാറാൻ അഭിഷേകം ചെയ്ത പുരോഹിതരാണു മാതാപിതാക്കൾ. കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും മനോഭാവങ്ങൾ പുലർത്തുന്ന ഭവനങ്ങളായിരിക്കണം ക്രൈസ്തവകുടുംബങ്ങൾ. ഭൂമിയിൽ ദൈവരാജ്യം പ്രഘോഷിക്കുക എന്ന സഭയുടെ ദൗത്യത്തിൽ ഒരോ കുടുംബങ്ങളുടേയും പങ്ക് വലുതാണ്. സഭയുടെ ചൈതന്യവും പാരമ്പര്യവും നിലനിർത്തുകയും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യുക എന്ന ദൗത്യവും കുടുംബത്തിനുണ്ട്. തിരുസഭ കുടുംബത്തെ ഗാർഹിക സഭ എന്ന വിശേഷിപ്പിക്കുന്നതിനുള്ള  കാരണങ്ങളും അതു തന്നെയാണ്. ഇടവക കുടുംബങ്ങൾ ഒന്നു ചേരുന്ന ഇടമാണ്. കൂദാശകൾ പരികർമ്മം ചെയ്യുകയും പ്രാർത്ഥനയ്ക്കായി ഒരുമിക്കുകയും ചെയ്യുന്ന ഇടമാണ് ഇടവക. ദൈവത്തിൽ വിശ്വസിക്കുകയും സുവിശേഷവത്ക്കരിക്കപ്പെടുകയും ചെയ്യുന്ന സമൂഹമാണ് കുടുംബം. മനുഷ്യ സേവനത്തിലൂടെ ദൈവരാജ്യ പ്രഘോഷണത്തിൽ ഇടവകയോടൊപ്പം കുടുംബവും പ്രവർത്തിക്കുന്നു. ഈ ആശയം കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക. അതിനുശേഷം ഇടവകയേയും കുടുംബത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു ലിസ്റ്റ് കുട്ടികളെക്കൊണ്ട് തയ്യാറാക്കിക്കുക.

**ഇടവകയിൽ**

1. കൂദാശകൾ പരികർമ്മം ചെയ്യുന്ന സ്ഥലം.
2. ദൈവജനം പ്രാർത്ഥിക്കാൻ ഒരുമിച്ചു കൂടുന്ന സ്ഥലം.
3. ബലിയർപ്പണം നടക്കുന്ന സ്ഥലം.

4. ഈശോയെ സ്വീകരിക്കുന്ന സ്ഥലം.
5. വചനം മുറിക്കപ്പെടുന്ന, പ്രഘോഷണം ചെയ്യപ്പെടുന്ന സ്ഥലം.
6. ഈശോയുടെ സ്നേഹം പങ്കുവയ്ക്കുന്ന സ്ഥലം.

**കുടുംബത്തിൽ**

1. കൂദാശകളിലൂടെ  ലഭിച്ച ദൈവകൃപയിൽ ജീവിക്കേണ്ട ഇടം.
2. കുടുംബാംഗങ്ങൾ കുടുംബ പ്രാർത്ഥനയ്ക്കായി ഒരുമിച്ചു കൂടുന്ന ഇടം.
3. ബലിയായി മുറിയപ്പെടേണ്ട ഇടം.
4. ഈശോയെ മറ്റുള്ളവർക്കായി പകർന്നു കൊടുത്ത് ഈശോയുടെ മാതൃകയിൽ ജീവിക്കേണ്ട സ്ഥലം.
5. വചനം വായിച്ച് പങ്കുവച്ച് വിശുദ്ധിയിൽ ജീവിക്കേണ്ട സ്ഥലം.
6. ഈശോയുടെ സ്നേഹം പങ്കുവയ്ക്കുന്ന സ്ഥലം.

കുടുംബാംഗങ്ങളുടെ കൗദാശിക ജീവിത പ്രാർത്ഥനകളുടെ തുടക്കവും ഒടുക്കവും ഇടവകയെ കേന്ദ്രീകരിച്ചാണ്. എന്റെ ഭവനം തന്നെയാണ് എന്റെ ഇടവക ദൈവാലയം എന്ന ബോധ്യത്തിലേക്ക് കുട്ടിയെ നയിക്കുക.

**ആക്ടിവിറ്റി 4**

ആധുനിക ലോകത്ത് കുടുംബത്തിലെ വിശ്വാസത്തെ തകർക്കുന്ന പ്രവണതകൾ നിരവധിയുണ്ട്. കുടുംബത്തിലെ വ്യക്തി പ്രധാനവാദം, മാനസിക സംഘർഷം, മയക്കുമരുന്ന്, മദ്യാസക്തി, അക്രമവാസനകൾ, കുടുംബവഴക്ക്, വിദ്വേഷം, ത്യാഗം, ഐക്യം എന്നിവ ഇല്ലായ്മ, മറ്റു  വിവാഹേതര ബന്ധങ്ങൾ. സ്ത്രീകളോടുള്ള വിവേചനം, ദുഷിച്ച സുഹൃത്ത് ബന്ധങ്ങൾ, പരസ്പര ബഹുമാനമില്ലായ്മ, മാധ്യമങ്ങളുടെ ദുരുപയോഗം, കൃത്രിമ സന്താനോല്പാദനം, അവിശ്വസ്തത, പുരോഗമന ലൈംഗിക ചിന്തകൾ, പ്രാർത്ഥന ഇല്ലാതെയുള്ള ജീവിതം. എന്നിവയെല്ലാം നല്ല കുടുംബ ജീവിതത്തിനു പ്രതികൂലമായി നില്ക്കുന്ന ഘടകങ്ങളാണ്.

കുടുംബ ബന്ധങ്ങളെ വഴി തെറ്റിക്കുന്ന പ്രലോഭനങ്ങളെ അതിജീവിക്കേണ്ടത് എപ്രകാരം ?

കുടുംബ പ്രാർത്ഥന, കൗദാശിക ജീവിതം, പരി. കുർബാനയിലുള്ള ജീവിത ബലിയർപ്പണം, മാതാവിനോടും യൗസേപ്പ് പിതാവിനോടുമുള്ള പ്രാർത്ഥന, വി. ഗ്രന്ഥ വായന, ജപമാല ഭക്തി, വിശുദ്ധരോടുള്ള വണക്കം.

ഒരു മാതൃകാ കുടുംബം എങ്ങനെ ആയിരിക്കണം ?

മാതാപിതാക്കൾ ധാർമ്മിക, മാനുഷിക മൂല്യങ്ങളിൽ ജീവി

ക്കുക മക്കളെ ദൈവകൃപയിലേയ്ക്ക് ആനയിക്കുക സുവിശേഷ ചൈതന്യത്തോടെ ജീവിക്കുക ഒത്തൊരുമിച്ച് ഭക്ഷണം കഴിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക പരസ്പര സ്നേഹത്തിൽ ആനന്ദം കണ്ടെത്തുക. പരത്യാഗ പ്രവർത്തികൾക്ക് പ്രാധാന്യം നല്കുക വിശ്വാസം, പ്രത്യാശ, ദൈവത്തോടുള്ള സമർപ്പണം, എന്നിവയുടെ മനോഭാവത്തോടെ ദൈവകൃപയിൽ ഒരുമിച്ച് കൂട്ടായ്മയിൽ ജീവിക്കുക. സമ്പർക്ക സാമൂഹിക മാധ്യമങ്ങളുടെ ശരിയായ ഉപയോഗം ശീലിക്കുക ഇടവകയോടും സഭയോടും ചേർന്ന് വിശ്വാസത്തിൽ വളരുക.

**ആക്ടിവിറ്റി 5**

'അവൻ അവരോടൊപ്പം പുറപ്പെട്ട് നസ്രത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു' എന്ന് (ലൂക്കാ 2:51). ഒരു ഉത്തമ ക്രൈസ്തവ മനഃസാക്ഷി രൂപീകരിക്കാൻ കുട്ടികളെ സഹായിക്കുവാൻ ഉതകുന്ന രീതിയിലേയ്ക്ക് ആക്ടിവിറ്റി 5 ലെ പ്രവർത്തനത്തെ വിശദീകരിച്ചു കൊടുക്കുക.

## ആറാം ദിവസം
## ഇടവക കുടുംബങ്ങളുടെ കൂട്ടായ്മ

**ആക്ടിവിറ്റി 1**

ഓരോ കുട്ടിയും അവരുടെ ഇടവകയിൽ എത്ര കുടുംബ കൂട്ടായ്മകൾ ഉണ്ടെന്ന് മനസ്സിലാക്കി അവയുടെ പേരുകളും അതിനു നേരെയുള്ള കോളത്തിൽ ആ കൂട്ടായ്മയിൽ ഉള്ള കുടുംബങ്ങളുടെ എണ്ണവും രേഖപ്പെടുത്തുവാൻ ആവശ്യപ്പെടുക. (വലിയ ഇടവകയിൽ പല കൂട്ടായ്മകൾ ഒന്നിച്ചുള്ള വാർഡിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയാൽ മതിയാകും കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ മറ്റൊരു പേപ്പറിൽ ആക്ടിവിറ്റി ചെയ്യുക).

കുടുംബത്തിനും ഇടവകയ്ക്കും ഇടയിലുള്ള ചെയിൻ മനസ്സിലാക്കിയ കുട്ടികൾ, അവർ ഉൾപ്പെടുന്ന ഇടവകയുടെ പേര്, കുടുംബ കൂട്ടായ്മയുടെ പേര്, കുടുംബത്തിന്റെ പേര് എന്നിവ ആദ്യ മൂന്ന് കോളങ്ങളിൽ രേഖപ്പെടുത്തുന്നു. അവസാന കോളത്തിൽ കുടുംബത്തിലുള്ള അംഗങ്ങളുടെ പേരുകൾ രേഖപ്പെടുത്തുന്നു.

**ആക്ടിവിറ്റി 2**

നൽകിയിരിക്കുന്ന സൂചനയുടെ അടിസ്ഥാനത്തിൽ കുട്ടികൾ പദസൂര്യൻ തയ്യാറാക്കുന്നു. ഒന്നാമത്തെ സൂചനയുടെ അടിസ്ഥാനത്തിൽ പദസൂര്യനിൽ ചേർക്കേണ്ടത് കൂട്ടായ്മയിലെ അംഗങ്ങ

ളുടെ പൊതു ആവശ്യങ്ങളാണ്. ഉദാഹരണത്തിന്, രോഗികൾക്ക് വേണ്ടിയുള്ള പ്രാർത്ഥന, പരീക്ഷയ്ക്ക് ഒരുക്കമായുള്ള പ്രാർത്ഥന തുടങ്ങിയവ. രണ്ടാമത്തെ സൂചനയുടെ അടിസ്ഥാനത്തിൽ പദ സൂര്യനിൽ ചേർക്കേണ്ടത്, കുടുംബങ്ങളിൽ നടക്കുന്ന ആഘോഷങ്ങളിൽ മറ്റു കുടുംബങ്ങളെയും ക്ഷണിക്കുന്ന സന്ദർഭങ്ങളാണ്. ഉദാഹരണത്തിന്, വിവാഹം, മനസ്സമ്മതം, മധുരംവയ്പ്, വീട് വെഞ്ചരിപ്പ്, ജന്മദിനാഘോഷങ്ങൾ തുടങ്ങിയവ. മൂന്നാമത്തെ സൂചനയുടെ അടിസ്ഥാനത്തിൽ, പദസൂര്യനിൽ ചേർക്കേണ്ടത് ഇടവകയിലെ വിവിധ സംഘടനകളുടെ പേരുകളാണ്. ഉദാഹരണത്തിന്, വിൻസെന്റ് ഡി പോൾ, ചെറുപുഷ്പ മിഷൻ ലീഗ്, SMYM, മാതൃവേദി, പിതൃവേദി, AKCC തുടങ്ങിയവ.

**ആക്ടിവിറ്റി 3**

പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മ മനോഹരമാക്കുന്ന അഞ്ചു സവിശേഷതകൾ ഉൾപ്പെടുന്ന ബൈബിൾ ഭാഗം ആദ്യ കോളത്തിൽ കൊടുത്തിരിക്കുന്നു. ബൈബിൾ നോക്കി ആ തിരുവചനം എന്താണെന്നുള്ളത് രണ്ടാമത്തെ കോളത്തിൽ എഴുതി ചേർക്കുക.

**ആക്ടിവിറ്റി 4**

ഇടവക കൂട്ടായ്മകളിൽ തന്റെ പങ്കാളിത്തം എപ്രകാരമെന്നു വിലയിരുത്തുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. നൽകിയിരിക്കുന്ന ഒരോ ചോദ്യത്തിനും സത്യസന്ധമായ ഉത്തരം രേഖപ്പെടുത്തുവാൻ കുട്ടികളോട് ആവശ്യപ്പെടുക. അതിനുശേഷം വിശുദ്ധ ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകൾ മനസ്സിലാക്കി കൂട്ടായ്മയിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധം വളർത്തുന്നതിനും കൂട്ടായ്മകളെ ശക്തിപ്പെടുത്തുന്നതിനും തങ്ങൾക്ക് എന്ത് ചെയ്യാനാകും എന്ന് കുട്ടികൾ രേഖപ്പെടുത്തട്ടെ.

**ആക്ടിവിറ്റി 5**

ഇടവകയിലെ കുടുംബ കൂട്ടായ്മ വാർഷികത്തിന് യോജിച്ച ഒരു ബ്രോഷർ കുട്ടികൾ തയ്യാറാക്കുക.

## ഏഴാം ദിവസം

## സീറോമലബാർ സഭയിൽ നാമൊരു കുടുംബം

**വചനഭാഗം**

''ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല'' (മത്താ. 16:18).

**ആക്ടിവിറ്റി 1**

(തങ്ങളുടെ മൂല കുടുംബത്തിൽ നിന്നകന്ന് മറ്റ് സ്ഥലങ്ങളിൽ താമസിക്കുന്ന വ്യത്യസ്ത വീട്ടുപേരുകൾ ഉള്ള കുടുംബാംഗങ്ങളെക്കുറിച്ച് കുട്ടികളോട് സംസാരിക്കുന്നു. അവർ പിന്തുടരുന്ന പാരമ്പര്യം മൂലകുടുംബത്തിലേതുതന്നെ എന്ന ആമുഖത്തോടെ വ്യത്യസ്ത ആരാധക്രമ പാരമ്പര്യങ്ങൾ പിന്തുടരുന്ന വ്യക്തി സഭകൾ ചേർന്നുള്ള കത്തോലിക്കാസഭാ കുടുംബം-സീറോമലബാർ സഭാ കുടുംബം-ചങ്ങനാശ്ശേരി അതിരൂപതാകുടുംബം എന്ന ആശയം കുട്ടികളിൽ ഉറയ്ക്കാൻ സഹായകമാകണം ആക്ടിവിറ്റികൾ. ഈ അവബോധത്തിൽ വേണം ക്ലാസുകൾ ക്രമീകരിക്കാൻ).

**വ്യത്യസ്ത ആരാധക്രമ പാരമ്പര്യങ്ങൾ പിന്തുടരുന്ന**

സഭാകുടുംബങ്ങളുടെ പേരുകൾ-വൃക്ഷത്തിന്റെ ശാഖയിൽ എഴുതുമ്പോൾ ലത്തീൻ കൂടി ചേർത്ത് 6 എണ്ണം എഴുതുന്നു. തുടർന്നുവരുന്ന ആക്ടിവിറ്റിയിൽ വ്യത്യസ്ത ആരാധക്രമ പാരമ്പര്യങ്ങൾ പിന്തുടരുന്ന 5 പൗരസ്ത്യസഭാകുടുംബങ്ങളിൽ ഉൾപ്പെട്ട വ്യക്തി സഭകളുടെ പേരുകളാണ് എഴുതേണ്ടത്.

1. അലക്സാൻഡ്രിയൻ
   (1. കോപ്റ്റിക് 2. എത്യോപ്യൻ 3. എറിത്രിയൻ)
2. അർമേനിയൻ (അർമേനിയൻ)
3. അന്ത്യോക്യൻ
   (1. സിറിയൻ, 2. മാറോനീത്ത, 3. സീറോമലങ്കര)
4. കാൽഡിയൻ
   (1. കാൽഡിയൻ 2. സീറോമലബാർ)
5. ബൈസന്റയിൻ
   (1... 2... 3... 4... 5...)
6. ബൈസന്റയിൻ
7. ക്രോയേഷ്യൻ
8. ഹംഗേറിയൻ
9. അൽബേനിയൻ
10. മാസിഡോണിയൻ
11. മെൽക്കൈറ്റ്
12. റൊമെനിയൻ
13. റുത്തേനിയൻ
14. സ്ലോവാക്യൻ

**ഉത്തരങ്ങൾ**

1. 24
2. 23
3. കാൽഡിയൻ

(സീറോ മലബാർ സഭയുടെ ആരംഭം, വളർച്ച, ഇതുവരെയുള്ള മേജർ ആർച്ച് ബിഷപ്പുമാർ എന്നീ കാര്യങ്ങളിൽ കുട്ടികൾക്ക് ഉള്ള അറിവ് പരിശോധിക്കാവുന്നതാണ്) സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ് - മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്ത.

**ആക്ടിവിറ്റി 2**

(ഓരോ അതിരൂപതയെയുംപറ്റി കുട്ടികൾക്ക് അത്യാവശ്യം അറിയേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കാനും ആക്ടിവിറ്റിചെയ്യിക്കുന്നതിനോടൊപ്പം അധ്യാപകർ ശ്രദ്ധിക്കണം)

**ചിത്രം 1**

**മാർ റാഫേൽ തട്ടിൽ**
എറണാകുളം- അങ്കമാലി അതിരൂപത
സാമന്തരൂപതകൾ- കോതമംഗലം, ഇടുക്കി

**ചിത്രം 2**

**മാർ ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപത
സാമന്തരൂപതകൾ- പാലാ, കാഞ്ഞിരപ്പള്ളി, തക്കല

**ചിത്രം 3**

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
സാമന്തരൂപതകൾ- പാലക്കാട്, ഇരിങ്ങാലക്കുട, രാമനാഥപുരം

**ചിത്രം 4**

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപത
സാമന്തരൂപതകൾ- മാനന്തവാടി, താമരശ്ശേരി,
ബൽത്തങ്ങാടി, മാണ്ഡ്യ, ഭദ്രാവതി

**ചിത്രം 5**

**മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത
സാമന്തരൂപതകൾ ഇല്ല

**ആക്ടിവിറ്റി 3**

(സീറോ മലബാർ സഭയിലെ ഇന്ത്യക്കുപുറത്തുള്ള രൂപതകളുടെ ആരംഭവും വളർച്ചയും കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക.

കുട്ടികളോട് വിവരങ്ങൾ കണ്ടെത്തി ചാർട്ട് ഉണ്ടാക്കാൻ ആവശ്യപ്പെടാവുന്നതാണ്.

**ചിക്കാഗോ**

-സീറോമലബാർ സഭയ്ക്ക് ഇന്ത്യക്ക് പുറത്ത് ലഭിച്ച ആദ്യ രൂപത ആണ് ചിക്കാഗോ. അമേരിക്കൻ ഐക്യനാടുകളിലെ സീറോ-മലബാർ കത്തോലിക്കർക്കായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പൗരസ്ത്യകത്തോലിക്കാ രൂപതയാണ് ഇത്. സ്ഥാപിതമായത് 2001 മാർച്ച് 13. മാർ ജേക്കബ് അങ്ങാടിയാത്ത് ആണ് രൂപതയുടെ ആദ്യ മെത്രാൻ. ഇപ്പോഴത്തെ ബിഷപ്പ് : മാർ ജോയ് ആലപ്പാട്ട്

**മെൽബൺ**

-ഓസ്ട്രേലിയയിലെ മെൽബണിലാണ് രൂപതാ ആസ്ഥാനം. സ്ഥാപിതമായത് -23 ഡിസംബർ 2013 ആദ്യത്തെ ബിഷപ്പ് - മാർ ബോസ്കോ പുത്തുർ ഇപ്പോഴത്തെ ബിഷപ്പ്- മാർ ജോൺ പനംതോട്ടത്തിൽ സി. എം. ഐ

**ഗ്രേറ്റ്ബ്രിട്ടൻ**

-ഗ്രേറ്റ് ബ്രിട്ടണിലെ സിറോ-മലബാർ സഭാംഗങ്ങൾക്കായുള്ള രൂപത സ്ഥാപിതമായത്-16 ജൂലൈ 2016 ഇപ്പോഴത്തെ ബിഷപ്പ്- മാർ ജോസഫ് സ്രാമ്പിക്കൽ

**മിസ്സിസാഗ** (കാനഡ)

-കാനഡയിലെ സിറോ-മലബാർ സഭാംഗങ്ങൾക്കായുള്ള രൂപത സ്ഥാപിതമായത്-06 ആഗസ്റ്റ് 2015 ഇപ്പോഴത്തെ ബിഷപ്പ്-മാർ ജോസ് കല്ലുവേലിൽ

**ആക്ടിവിറ്റി - 4**

കേരളത്തിനു പുറത്തുള്ള സീറോ മലബാർ രൂപതകൾ

1. ഫരീദാബാദ്
2. ഗോരഖ്പൂർ
3. ബിജ്നോർ
4. ജഗദൽപൂർ
5. കല്യാൺ
6. മാണ്ഡ്യ
7. രാജ്കോട്ട്

8. സാഗർ
9. സത്ന
10. ഉജ്ജയിൻ
11. ബൽത്തങ്ങാടി
12. ഭദ്രാവതി
13. ഛാന്ദാ
14. രാമനാഥപുരം
15. ഷംഷാദ്ബാദ്
16. അദിലാബാദ്
17. ഹൊസൂർ
18. തക്കല

**ആക്ടിവിറ്റി 5**

1. മാർ ചാൾസ് ലവീഞ്ഞ് (1887–1896)
2. മാർ മാത്യു മാക്കിൽ (1896–1911)
3. മാർ തോമസ് കുര്യാളശ്ശേരി (1911–1925)
4. മാർ ജയിംസ് കാളാശ്ശേരി (1927–1949)
5. മാർ മാത്യു കാവുകാട്ട് (1950–1969)
6. മാർ ആന്റണി പടിയറ (1970–1985)
7. മാർ ജോസഫ് പൗവത്തിൽ (1986–2007)
8. മാർ ജോസഫ് പെരുന്തോട്ടം (2007)

**ആക്ടിവിറ്റി 6**

അതിരൂപതയിലെ ഫൊറോനകൾ

(ഇതോടൊപ്പം അതിരൂപതയിലെ പ്രധാന ദൈവാലയങ്ങൾ, അവയുടെ ചരിത്രപരവും ആദ്ധ്യാത്മികവുമായ പ്രാധാന്യം ഇവയും ചർച്ചാവിഷയം ആക്കേണ്ടതാണ്).

**കോട്ടയം ജില്ല**

ചങ്ങനാശ്ശേരി
തുരുത്തി
തൃക്കൊടിത്താനം
അതിരമ്പുഴ
കോട്ടയം
കുറുമ്പനാടം

മണിമല

നെടുംങ്കുന്നം

കുടമാളൂർ

**പത്തനംതിട്ട ജില്ല**

ചെങ്ങന്നൂർ

**ആലപ്പുഴ ജില്ല**

ആലപ്പുഴ
എടത്വാ
ചമ്പക്കുളം
പുളിങ്കുന്ന്
മുഹമ്മ

**കൊല്ലം ജില്ല**

കൊല്ലം-ആയൂർ

**തിരുവനന്തപുരം ജില്ല**

തിരുവനന്തപുരം
അമ്പൂരി

## എട്ടാം ദിവസം
## എന്റെ അമ്മ - പരിശുദ്ധ കത്തോലിക്കാസഭ

**ആക്ടിവിറ്റി 4**

അമ്മയായ സഭ മാമ്മോദീസായിലൂടെ എനിക്ക് ജന്മം നല്കി. തൈലാഭിഷേകം എന്ന കൂദാശയിലൂടെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ എന്നെ നിറച്ചു. വി. കുർബാനയിലൂടെ മിശിഹായുടെ ശരീരവും രക്തവും നല്കി എന്നെ പരിപോഷിപ്പിക്കുന്നു. പാപം ചെയ്ത് അകന്നു പോകുന്ന അവസരത്തിൽ കുമ്പസാരം എന്ന കൂദാശയിലൂടെ എന്നെ തിരികെ വിളിച്ച് മാറോടണയ്ക്കുന്നു. മറ്റു കൂദാശകളാൽ എന്നെ വിശുദ്ധികരിക്കുകയും ശക്തിപ്പെടുത്തുകയും ആത്മീയവരങ്ങളാൽ പരിപോഷിപ്പിച്ച് സ്വർഗ്ഗീയ ജറുസലേമിലേക്കുള്ള യാത്രയ്ക്ക് എന്നെ ഒരുക്കുകയും ചെയ്യുന്ന സ്നേഹനിധിയായ അമ്മയാണ് എന്റെ കത്തോലിക്കാതിരുസഭ.

**ആക്ടിവിറ്റി 5**

സീറോമലബാർ-മലങ്കര കത്തോലിക്കാസഭകൾ, ലത്തീൻ സഭ എന്നിവയാണ് കത്തോലിക്ക സഭയിൽ ഉൾപ്പെടുന്നവ.

ഈശോ മിശിഹായാൽ സ്ഥാപിതം, കൂദാശകൾ, പരി. അമ്മയ്ക്കുള്ള പ്രത്യേകമായസ്ഥാനം, മാർപാപ്പയോടുള്ള വിധേയത്വം, ദൈവശാസ്ത്രപരമായ വ്യത്യാസം, ഹയരാർക്കി ഇവയെല്ലാം കത്തോലിക്കാസഭയെ മറ്റു സഭകളിൽനിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങളാണ്.

**കത്തോലിക്കർ**

റോമാമാർപാപ്പയുടെ ആത്മീയ നേതൃത്വത്തിൻ കീഴിൽ ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന ക്രിസ്ത്യാനികളാണ് കത്തോലിക്കർ എന്നറിയപ്പെടുന്നത്. കത്തോലിക്കാ സഭയിൽ ഉൾപ്പെടുന്നവർക്ക് ഒരേ വിശ്വാസവും ഒരേ കൂദാശകളും ഒരേ ഹയരാർക്കിയും ആണ് ഉള്ളത്. എന്നാൽ ആരാധനാക്രമം, ആധ്യാത്മികത, ശിക്ഷണ ക്രമം, ദൈവശാസ്ത്രം എന്നീ കാര്യങ്ങളിൽ വൈവിധ്യങ്ങൾ നിലനിൽക്കുന്നു. കത്തോലിക്കാ സഭക്കുള്ളിലെ വിവിധ സഭകളെ 'വ്യക്തിസഭകൾ' എന്ന് വിളിക്കുന്നു. ഇങ്ങനെ വൈവിധ്യമുള്ള 24 വ്യക്തിസഭകളാണ് കത്തോലിക്കാസഭയിൽ ഉള്ളത്. ഈശോമിശിഹാ തന്നെ സ്ഥാപിച്ച ഏക സഭയാണ് കത്തോലിക്കാസഭ. പിന്നീടുണ്ടായ പല സഭകളും കത്തോലിക്കാസഭയിൽ നിന്നും വേർപിരിഞ്ഞ് ഉണ്ടായവയാണ്. സഭയുടെ ഏകത്വത്തിന്റെ ശക്തമായ അടയാളവും സാക്ഷ്യവുമാണ് അപ്പസ്തോലപ്രമുഖനായ പത്രോസിന്റെ പിൻഗാമികളായ മാർപാപ്പമാർ. ഈശോമിശിഹാ സ്ഥാപിച്ച സഭ ഏകവും വിശുദ്ധവും ശ്ലൈഹീകവും സാർവത്രികവുമാണ്. യഥാർത്ഥ സഭയിലെ അംഗമായിരിക്കേണ്ടത് ഈശോമിശിഹായിലൂടെ കൈവന്ന രക്ഷയുടെ പൂർണ്ണമായ അനുഭവത്തിന് അനിവാര്യമാണ്. ഈ സഭയുടെ പ്രബോധനങ്ങൾക്ക് നിരക്കാത്ത വിധം അബദ്ധസിദ്ധാന്തങ്ങളും വിഭജനങ്ങളും വഴി കത്തോലിക്കാസഭയിൽ നിന്നും വേർപെട്ട് സ്വതന്ത്രസഭകളായി രൂപപ്പെട്ടവയാണ് ഇതര ക്രൈസ്തവസഭകൾ. അതിനാൽ എല്ലാ കത്തോലിക്കരും ക്രിസ്ത്യാനികൾ ആണ് എന്നാൽ എല്ലാ ക്രിസ്ത്യാനികളും കത്തോലിക്കരല്ല.

**ക്രിസ്ത്യാനികൾ**

ചരിത്രത്തിന്റെ ഗതിവിഗതികളിൽ പലവിധ കാരണങ്ങളാൽ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ നിന്ന് വിട്ടു പോവുകയും എന്നാൽ ക്രൈസ്തവവിശ്വാസത്തിൽ തുടരുകയും ചെയ്യുന്ന നി

രവധിയായ സഭാ സമൂഹങ്ങൾ ഇന്ന് ലോകത്തിൽ ഉണ്ട്. ഇവരാണ് ഇതര ക്രൈസ്തവസഭകളിൽ ഉൾപ്പെടുന്നത് ഉദാഹരണം ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ, ഗ്രീക്ക് ഓർത്തഡോക്സ് സഭ, പ്രൊട്ടസ്റ്റന്റ് സഭകൾ. കേരളത്തിലെ ഇതര ക്രൈസ്തവസഭകൾ-മലങ്കര സിറിയൻ ഓർത്തഡോക്സ് സഭ, മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ, അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റ്, മാർത്തോമാ സുറിയാനി സഭ, സി. എസ്. ഐ. സഭ *etc*...

സന്ദേശനിലയം
ചങ്ങനാശ്ശേരി